# മാലിന്യങ്ങൾ വീണ്ടും പുഴയിലേക്ക്!

ജോൺ ഇളമത

ഉരുൾപൊട്ടിയ ഒഴുകിയ
മാലിന്യങ്ങൾ തിരികെ ഒഴുകി
രമ്യഹർമ്മ്യങ്ങളിൽ!
പുഴുവും ചത്തമൃഗങ്ങളും
അഴുകിയ ജലമെവിടയും
പാമ്പും,തേളും ഒഴുകിയടിയുമീ
ജലധാരയിലെവിടയും.

പ്രളയമിറങ്ങി ചെളിയിൽ
മുങ്ങി വീടും പറമ്പും
ചെളിവാരി വൃത്തിയാക്കാൻ
അന്യസംസ്ഥാനക്കാരെത്തി
കഴുകിവീട്ടു സാമാഗ്രികളൊക്കയും.

ചെളിവാരി ഒഴുക്കി വീണ്ടും
പുഴയിൽ ഒരു വീണ്ടുവിചാരമന്യേ
ഇരുളിൽ തപ്പി നടക്കുമീ
പ്രളയത്തിൻ പൊരുൾ തേടി
ഡാമിൽതടഞ്ഞു നിറഞ്ഞ വെള്ളം
പെരുമഴക്കൊപ്പമൊഴുക്കിയതോ!

പരിസ്തിയെ വെട്ടി നുറുക്കിയ
പ്രളയക്കെടുതിയിൽ പൊലിഞ്ഞ
പച്ചപരിഷക്കാരത്തിൻ ജഢം
ഒഴുകിനടക്കുമെവിടയും.

ഇനിയുമാരു തനിയാവർത്തനം
മഹാപ്രളയത്തിൻ ഭീകരമുഖം!
കണ്ടിട്ടുമൊരു കൂസലില്ലങ്കിൽ
ആരാണിതിനുത്തരവാദികൾ?
നാംതന്നെ അല്ലയോ!